# GHS VALLAPPUZHA

## സമഗ്രഗുണ മേൻമാ വിദ്യാഭ്യാസ പദ്ധതി

## അക്കാദമിക മാസ്റ്റർ പ്ളാൻ 2025-2026







# ആമുഖം

പാലക്കാട് ജില്ലയിലെ ഷോർണൂർ ഉപജില്ലയിലെ ഒരു ഗവൺമെൻറ് ഹൈസ്കൂളാണ് ജി.എച്ച്.എസ് .വല്ലപ്പുഴ. വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ ചൂരക്കോട് എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് .പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ് വരെയാണ് ഇവിടെ ക്ലാസുകൾ പ്രവർത്തിക്കുന്നത്.ചൂരക്കോടിനും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ സാധാരണ കുടുംബത്തിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിച്ചു വരുന്നത്.

# ദർശനം

ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ  വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു.

ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- വിദ്യാർത്ഥികൾ ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂടെ വിദ്യാലയത്തിലെ വിഭവങ്ങൾ കളി ഉപകരണങ്ങൾ ഉദ്യാനം മൈതാനം എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിന് ആകെ ഉപയോഗപ്രദമാക്കുന്നു.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതിവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിൽ അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

- വാശി വൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

- വിവിധ തരത്തിലുള്ള ക്ലബ്ബ് പ്രവർത്തനങ്ങൾ കുട്ടികളുടെ വൈജ്ഞാനിക മേഖലയെ വളർത്തുന്നത് കാരണം ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നു.

- ജെ ആർ സി ,ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയിൽ കുട്ടികളുടെ പ്രവർത്തനം ഉറപ്പാക്കുന്നു.

# അവസ്ഥാവിശകലനം

ഇപ്പോഴത്തെ അവസ്ഥയിൽ ക്ലാസ് മുറികളുടെ എണ്ണക്കുറവ് ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ലൈബ്രറി ലാബുകൾ തുടങ്ങിയവ ഒരു ചെറിയ ക്ലാസ് മുറിയിൽ സജ്ജീകരിച്ചിരിക്കുകയാണ്.ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡണ്ട് ശ്രീഹക്കിം ചുരക്കോടിന്റെ ബാച്ചിലുള്ള പൂർവ വിദ്യാർത്ഥികൾ സംഭാവന ചെയ്ത ശാസ്ത്ര ലാബ് കഴിഞ്ഞവർഷം മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്.ഒരു ഹൈസ്കൂൾ എന്ന നിലയിൽ ഫിസിക്സ്, കെമിസ്ട്രി ,ബയോളജി, സാമൂഹ്യപാഠം , ഗണിതം ഇവയ്ക്ക് പ്രത്യേകം പ്രത്യേകം ലാബുകൾ അത്യാവശ്യമാണ്.കൂടാതെ ഐടി ലാബ് ആവശ്യമാണ്. ഒരു ക്ലാസ്സിൽ അമ്പതോളം കുട്ടികളെ ഐടി പഠിപ്പിക്കുന്നതിന് കമ്പ്യൂട്ടറുകളുടെ എണ്ണക്കുറവും ഒരു പ്രശ്നം തന്നെയാണ് .8 ക്ലാസ് റൂമുകൾ അടങ്ങുന്ന എം.എൽ.എ. ഫണ്ടിൽ നിന്നും ഉണ്ടാക്കിയ കെട്ടിടം ഉദ്ഘാടനത്തിനായി ഒരുങ്ങിയിട്ടുണ്ട്. പഴയ അടുക്കളയും സ്റ്റേജും ക്ലാസ് മുറികളായി മാറിയിരിക്കുകയാണ്.ഹെഡ്മാസ്റ്റർ,

# അധ്യാപകർ

34 അധ്യാപകരും 5 താൽക്കാലിക അധ്യാപകരും 4 ഓഫീസ് ജീവനക്കാരും2 ഉച്ചഭക്ഷണ ജീവനക്കാരും 3 ബി.ആർ.സി.സ്റ്റാഫും 1 കൗൺസിലുറും ചേർന്നതാണ് ഊ വിദ്യാലയം.
സ്വതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷമാണ് വിദ്യാലയത്തിലുള്ളത്.
എല്ലാ അധ്യാപകരും പഠനസാമഗ്രികൾ യഥാസമയം ലഭ്യമാക്കാറുണ്ട്.
പ്രാദേശിക വിഭവങ്ങൾ ഉപയോഗിക്കാറുണ്ട്.
സാമൂഹിക പിന്തുണ വളരെയധികം ഉള്ള പ്രദേശമാണ് ഇവിടം
ദൈനംദിന ആസൂത്രണവും സമഗ്ര ആസൂത്രണവും അധ്യാപകർ യഥാസമയം ചെയ്യുന്നുണ്ട്
ഹെഡ്മാസ്റ്റർ മോണിറ്ററിംഗ് ചെയ്യുന്നുമുണ്ട്.
അധ്യാപകരെ രക്ഷാകർതൃബന്ധം നല്ല രീതിയിലാണ്.

**കുട്ടികളുടെ എണ്ണം**

| ക്ലാസ് | എ | ബി | സി | ഡി | ആകെ |
|---|---|---|---|---|---|
| | | | | | |
| LKG | 29 | | | | 29 |
| UKG | 28 | 29 | | | 57 |
| 1 | 24 | 38 | | | 62 |
| 2 | 16 | 21 | | | 37 |
| 3 | 39 | 27 | 16 | | 82 |
| 4 | 43 | 44 | | | 87 |
| 5 | 39 | 39 | 20 | 20 | 118 |
| 6 | 43 | 39 | 26 | 26 | 134 |
| 7 | 35 | 34 | 38 | 35 | 142 |
| 8 | 48 | 41 | 51 | | 140 |
| 9 | 52 | 35 | 57 | | 144 |
| 10 | 40 | 41 | 41 | | 122 |

# ഭൗതിക സാഹചര്യം

- പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ ക്ലാസ് അന്തരീക്ഷമാണ് ഉള്ളത്
- കളിസ്ഥലം വളരെ കുറവാണ്. അത് ഏറ്റവും വലിയ പോരായ്മയാണ് എന്നാൽ കൂടി കളിസ്ഥലവും കളി ഉപകരണങ്ങളും ഉപയോഗിക്കാറുണ്ട്.
- മതിയായ എണ്ണം ശുചിമുറികൾ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ ഉണ്ട്.
- ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യമുണ്ട്.
- എന്നാൽഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ല.
- എംഎൽഎ ഫണ്ടിൽ നിന്നും എംപി ഫണ്ടിൽ നിന്ന് ലഭിച്ച രണ്ട് ബസ്സുകൾ സ്കൂളിൻറെ രീതിയിലൊടുന്നുണ്ട് കൂടാതെ ധാ**രാളം** ഓട്ടോറിക്ഷകളും കുട്ടികൾക്ക് ഗതാഗതത്തിന് സൗകര്യം ഒരുക്കുന്നുണ്ട്.

## സാമൂഹിക ഇടപെടൽ

- എല്ലാ കാര്യങ്ങൾക്കും വളരെ നല്ല രീതിയിൽ ഇടപെടുന്ന ഒരു പിടിഎ പ്രസിഡണ്ടും പിടിഎ മെമ്പർമാരും വിദ്യാലയത്തിലുണ്ട്.എസ് എം സി ചെയർമാനും എസ്എംസി അംഗങ്ങളും ഉണ്ട്
- മദർ പിടിഎ ശക്തമാണ്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നുണ്ട്
- കൂടാതെ ജില്ലാ പഞ്ചായത്ത് വളരെ സഹായിക്കുന്നുണ്ട്.
- പൂർവ വിദ്യാർത്ഥികൾ വിദ്യാലയ വികസന സമിതി വിവിധ വകുപ്പുകൾ സന്നദ്ധ സംഘടനകൾ വിദഗ്ധർ എല്ലാം സൗകര്യങ്ങൾ ചെയ്തു തരുന്നുണ്ട്.

# പാഠ്യപദ്ധതി വിനിമയം

പാഠ്യപദ്ധതി വിനിമയം വിലയിരുത്തുന്നതിനായി താഴെപ്പറയുന്ന ഘടകങ്ങൾ ഉപയോഗിക്കാറുണ്ട്.

- പ്രക്രിയ ബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടിയുടെ പരസ്പര വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

# വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ.

- ഏറ്റവും പ്രധാനം കളിസ്ഥലം തന്നെയാണ്.നല്ല ഒരു വലിയ കളിസ്ഥലം വിദ്യാലയത്തിന് ഇല്ല.

- ലാബിലെ ഉപകരണങ്ങൾ ഉണ്ടെങ്കിലും ഓരോ വിഷയത്തിനും വ്യത്യസ്തമായ ലാബുകൾ തയ്യാറാക്കാനുള്ള മുറികളുടെ ലഭ്യത കുറവ്.
- ഭക്ഷണം ഇരുന്ന് കഴിക്കാനുള്ള സ്ഥലത്തിന്റെ അപര്യാപ്തത.
- കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടറുകളുടെ അപര്യാപ്തത.
- എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പരിപാടികൾ ചെയ്യാൻ വലിയ ഓഡിറ്റോറിയം ഇല്ല.
-

## പ്രവർത്തനകലണ്ടർ

## മലയാളം എൽ.പി,യു.പി.,ഹൈസ്കൂൾ

### ലക്ഷ്യം

- എൽ പി ക്ലാസിലെ കുട്ടികളെ എല്ലാവരെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെട്ട് അവനവ മാധ്യമങ്ങളിൽ പങ്കിടൽ.
- കുട്ടികളെ എഴുത്തിൻറെ ലോകത്തേക്ക് എത്തിക്കാനുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു.
- തീയേറ്റർ ശില്പശാലകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ആട്ടരങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- സാഹിത്യകാരന്മാരെ അടുത്തറിയാനും ഓർമ്മ ദിനങ്ങൾ ആചരിക്കാൻ.
- സാങ്കേതിക വിദ്യയുടെ സഹായത്തോടെ മലയാളപഠനം.

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | സമഗ്ര ഗുണമേൻമ പ്രവർത്തനങ്ങൾ | ജൂൺ | അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| | പ്രധാനമായുംപരിസ്ഥിതിദിനം,ട്രാഫിക് നിയമങ്ങൾ സ്കിറ്റ്,പോസ്റ്റർ,മരത്തൈ നടൽ,കവിതാലാപനം | | | |
| 2 | വായനദിനം-വ്യത്യസ്ത ക്ലാസിലേക്ക് വായനപുസ്തകങ്ങൾ സമാഹരിക്കൽ,ക്ലാസ്ലൈബ്രറി ഒരുക്കൽ,വായന,കുറിപ്പ് തയ്യാറാക്കൽ,വായനാക്കാർഡുകൾ തയ്യാറാക്കൽ,ഇ-വായന,സാഹിത്യശില്പശാല,പതിപ്പ് നിർമ്മാണം. | ജൂൺജൂലായ് ആഗസ്റ്റ് | അധ്യാപകർ SRG പി.ടി.എ | 5000 |
| 3 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. അക്ഷരം ,ചിഹ്നം ഉറപ്പിക്കൽ,വാക്കുകൾ,വാക്യങ്ങൾ നിർമ്മാണം,അടിക്കുറിപ്പ്,കഥഎഴുതൽ. ഐ.സി.ടി.സാധ്യതകൾ ഉപയാഗപ്പെടുത്തൽ | ,ജൂൺ ജൂലായ്,ആഗസ്റ് | അധ്യാപകർ SRG പി.ടി.എ | 1000 |
| 4 | വായനമത്സരം,വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ലിറ്റിൽ കൈറ്റിൻെറയും നേതൃത്വത്തിൽ സ്കൂൾ പത്രം ,റീഡേഴ്സ് തീയേറ്റർ ,നിർമ്മാണശില്പശാല,പാട്ടരങ്ങ്,മലയാളം മധുരം പ്രവർത്തനങ്ങൾ രചനോത്സവത്തിൽ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു. പ്രസംഗപരിശീലനക്കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക. | സെപ്റ്റംബർ | അധ്യാപകർ SRG പി.ടി.എ | 2000 |
| 5 | സ്കൂൾ തലവായനമത്സരം,വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ലിറ്റിൽ കൈറ്റിൻെറയും നേതൃത്വത്തിൽ | ഒക്ടോബർ നവംബർ | അധ്യാപകർ SRG പി.ടി.എ LK,വിദ്യാരംഗം | 1000 |

| | | | | |
|---|---|---|---|---|
| | മാഗസിൻെറ പ്രവർത്തനം തുടങ്ങുന്നു. | | | |
| 6 | പഠിച്ച പാഠഭാഗങ്ങളുടെ സ്വതന്ത്ര ആവിഷ്ക്കാരം,കാവ്യകേളി,വിദ്യാരംഗം ക്യാമ്പ്, | ഡിസംബർ | അധ്യാപകർ SRG വിദ്യാരംഗം | |
| 7 | വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ലഘുവിവരണം എഴുത്ത്,ഇൻലൻറ് മാഗസിൻ വ്യക്തിഗതം,സാഹിത്യസാംസ്കാരിക ചിത്ര ഗ്യാലറി | ജനുവരി | അധ്യാപകർ SRG വിദ്യാരംഗം | |
| 8 | മാഗസിൻ പ്രകാശനം കുട്ടികളുടെ മികവ് അവതരണം. | ഫെബ്രുവരി | അധ്യാപകർ SRG പി.ടി.എ | 5000 |
| | | | | |

# ENGLISH

## AIMS AND OBJECTIVES

- Handle English fluently
- For reading and writing
- Speak English
- Enjoy songs and sings them with and action.
- Perform skit and role play.
- Write skits and making posters.
- Writing story and enjoying poems.
-

| | ACTIVITIES | MONTH | CHARGE | Economic |
|---|---|---|---|---|
| 1 | The activities of COMPREHENSIVE QUALITY EDUCATION PROJECT.<br>Environmental day<br>Poster making competition<br>Traffic laws skit<br>Digital discipline<br>READER"S DAY -collecting books for library.,encourage reading simple books<br>Visit to library. | June | Teachers<br>SRG<br>English club | 1000 |
| 2 | Subject council,Reading Vaikom Muhammed Basheer,<br>visit to library,<br>special class to introduce question paper,reciting poems or short stories with intonation and pronounciation context clues-Inferring word meanings from surrounding te.xt.<br>Vocabulary Journel<br>English Assembly<br>English newspaper,English diary | july | Teachers<br>SRG<br>English club<br>LK students | 1000 |
| 3 | English theatre<br>skit,drama,conversation,story telling<br>Enjoy songs.Enjoy songs sings with rhythm and action.<br>Listening<br>pre reading activities,during reading,post reading activities.Hiroshima Nagasaki-Competition of antiwar collage and slogan making .Seminar on the Indian freedom Fighters. | August | Teachers<br>SRG<br>English club<br>LK students | 1000 |
| 4 | Teacher"s day word of gratitude - Meeting with teachers,greeting card | September | Teachers<br>SRG | 1000 |

| | | | | |
|---|---|---|---|---|
| | making,Student teachers | | English club<br>LK students | |
| 5 | English magazine,Debate on Gandhi and Non violence,workshop on script writing,create more opportunities for English speaking in the class room | october | Teachers,srg | 1000 |
| 6 | Childrens day celebration,Language games,Film festival,News letter | November | Teachers,srg, LK | 2000 |
| 7 | Quiz based on the profiles of writers included in the course books<br>Special class to familiarize Question paper Subject council ,language games,create their own poems stories,choreography,cartoon,poster,slogan. | December | Teachers<br>SRG<br>English club<br>LK students | 1000 |
| 8 | English fest,English magazine,flash mob, Seminar on Indian Constitution<br>Introducing Ambedkar | January | Teachers<br>SRG,<br>PTA<br>English club<br>LK students | 5000 |
| 10 | Quiz competition based on the Stories and characters in The course books<br>Special class to familiarize Question paper,News letter,Mikavu Pradarsanam. | February | Teachers<br>SRG,<br>PTA<br>English club<br>LK students | 2000 |

## ഹിന്ദി

**ലക്ഷ്യങ്ങൾ**

ഹിന്ദി കേട്ട് മനസ്സിലാക്കാൻ സാധിക്കും.

ഹിന്ദി വായിക്കാനുള്ള അവസരം ലഭിക്കുന്നു.

വായിച്ച് ഭാഗത്തിന്റെ ആശയം മനസ്സിലാക്കുന്നു.
ഹിന്ദിയിലെ വാക്കുകൾ പരിചിതമാകുന്നു.
ഹിന്ദിയിലുള്ള സംസാരം കേട്ടാൽ കുട്ടി ആശയം ഗ്രഹിക്കുന്നു.

ഹിന്ദിയിൽ സംസാരിക്കാൻ സാധിക്കുന്നു.
ഹിന്ദിയിൽ സ്വന്തമായി എഴുതാനുള്ള ശേഷി നേടുന്നു.രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിക്കുന്നു.
മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
വിവർത്തകർ വാർത്ത വായനക്കാർ ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക.

| | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| 1 | കഥാവായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. യുപി എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകളിൽ എഴുതിയ കാർഡ് ക്ലാസ് ലക്ഷമാല പ്രദർശനം ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ കാർഡുകൾ വാക്കുകൾ നിർമാണം വാക്യങ്ങളുടെ നിർമ്മാണം എച്ച് എസ് വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.ളും ഉറപ്പിക്കൽ' | ജ്ജൂൺ- ആഗസ്റ്റ് | Teachers SRG, PTA ഹിന്ദി club | |

| | | | | |
|---|---|---|---|---|
| 2 | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ<br>വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.<br>വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ-ഒക്ടോബർ | Teachers<br>SRG,<br>PTA<br>ഹിന്ദി club | |
| 3 | സിനിമകൾ എന്നിവ കാണിക്കാൻ അവസരം നൽകുന്നു.<br>ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക<br>ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക ജനറൽ വികസിപ്പിക്കാനുള്ള അവസരം സുരീലി ഹിന്ദി. | നവംബർ ഡിസംബർ | Teachers<br>SRG,<br>PTA<br>ഹിന്ദി club | 1000 |
| 4 | ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>പ്രശസ്ത ജനലിസ്റ്റുകളും ആയുള്ള അഭിമുഖം സംഘടിപ്പിക്കുന്നു.<br>ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ ക്ലാസ് ലൈബ്രറി അധികവായന സമഗ്ര കൾ ചിത്ര സഹായത്തോടെ ചിത്ര തയ്യാറാക്കൽ ചിത്രം അടിക്കുറിപ്പ് ചിത്രം കഥപറയൽ | ജനുവരി ഫെബ്രുവരി | Teachers<br>SRG,<br>PTA<br>ഹിന്ദി club | 1000 |

| | | | | |
|---|---|---|---|---|
| | ചിത്രം കഥയെഴുതൽ കഥ ബാക്കിയെഴുതൽ വായന മൂല ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ. | | | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവില്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി സ്കൂൾ പരിസരത്തുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വര്ഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ , | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ജനാതിപത്യം ജീവിതശൈലി യാക്കി മാറ്റിയെടുക്കുക. പൗരബോധം , മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാര്ലമെന്റ് , മോക്ക് പാര്ലമെന്റ് , സ്കൂൾ നിയമാവലിയുടെ നിർമ്മാണം (പാര്ലമെന്റ് മാതൃകയിൽ ) | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക എന്നിവ കണ്ടെത്തുന്നു | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ നിരീക്ഷണം , സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തെ വിനിയോഗം | ഭ്രഅക്കാദമിക വര്ഷം മുഴുവനായി നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| വര്ഷം മുഴുവൻ | | | | |
| മതേതരത്വം , സാഹുവിഷ്ണുതാ എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തത്തിലൂടെ വളരുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** :സർവ്വേ, പ്രോജെക്ട് ചർച്ചകൾ ,സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ഭൂപട വായന കുട്ടികകിൽ വളർത്തുക ,സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന , പ്രവർത്തങ്ങൾ കാഴ്ചവക്കുന്നു.അറ്റ്ലസ് ,ഭൂപടങ്ങൾ ,ഗ്ലോബ് ,വിവിധ സോഫ്റ്റ് വെയറുകൾ എന്നിവ കുട്ടികളെ വർക്ഷോപ്പുകൾ വഴി പരിചയപ്പെടുത്തുന്നു | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്ര പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന പ്രശ്നോത്തരികൾ ,ദിനാചരണങ്ങൾ ,സംവാദം | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും ജലാശയങ്ങലെ കുറിച്ചും,കാറ്റുകൾ ,സമുദ്രങ്ങൾ , പർവതങ്ങൾ ഇവയെല്ലാ | സാമൂഹ്യശാസ്ത്ര ലാബ് , കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| പരിചയപ്പെട്ടുക ലക്ഷ്യം | | | | |
| ഇന്ത്യയിലെയും ,ലോകത്തെയും വിവിധ കാലാവസ്ഥാ മേഖലകൾ പരിചയപ്പെട്ടു15 | സാമൂഹ്യശാസ്ത്ര ലാബ് , കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിവിധ പൊതുഭരണ സ്ഥാപങ്ങളുടെ പ്രവർത്തങ്ങൾ പരിചയപ്പെട്ടുക | സ്കൂളിനടുത്തുള്ള വിവിധ സർക്കാർ ഓഫീസുകൾ സന്ദർശിക്കുന്നു അഭിമുഖം നടത്തുന്നു | അക്കാദമിക വര്ഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# ശാസ്ത്രം

1 ശാസ്ത്ര ആശയങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തൽ.

2.കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ.

3. പാരിസ്ഥിതികാവബോധം വളർത്തൽ.

4.അത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ.

5.ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ.

6.ശാസ്ത്രാവ ബോധമുള്ള തലമുറയെ രൂപപ്പെടുത്തൽ.

7.വിമർശനാത്മക ചിന്ത വളർത്തൽ.

8.ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ.

9.ക്വാണ്ടം ഫിസിക്സ് , ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, തുടങ്ങിയ ശാസ്ത്രത്തിൻറെ പുതിയ മേഖലകളെ പരിചയപ്പെടുത്തൽ.

10.ശാസ്ത്രീയ കൃഷി രീതികളിലൂടെയും ആരോഗ്യസംരക്ഷണത്തിലൂടെയും മെച്ചപ്പെട്ട ജനജീവിതം സാധ്യമാക്കൽ.

11.പ്രതിഭാശാലികളായ കുട്ടികളെ ഗവേഷണൽ സുഗത വർദ്ധിപ്പിക്കൽ.

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| 1 | നിത്യജീവിതത്തിലെ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങളുടെ ആഘോഷം അട ഭാഗവുമായി ബന്ധപ്പെടുത്തി അടിക്കാനുള്ള ഉപകരണങ്ങൾനിർമ്മിക്കുകപരിസ്ഥിതി ദിനാഘോഷം വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെയും ജന്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പ്രകൃതിയെ അറിയാനായി ഫീൽഡ് ട്രിപ്പ്,പരിസ്ഥിതി മലിനമാകുന്നതിനെതിരെ ഫ്ലാഷ് മോബ്.കുട്ടികളിൽ ശാസ്ത്രാവബോധം വർ ദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി | ജൂൺ July | Science club Teachers SRG PTA | PTA |
| 2 | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം പാഠഭാഗവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരണം ശാസ്ത്ര പതിപ്പ് നിർമ്മാണം ശാസ്ത്ര സംബന്ധമായ അറിവുകൾ കുട്ടികളുടെ | August | Science club Teachers SRG PTA | Teachers |

| | | | | |
|---|---|---|---|---|
| | സൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രമാഗസിൻ. | | | |
| 3 | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകി ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകളുടെ നിർമ്മാണം ,സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുക.ഒരു ദിവസത്തെ ശാസ്ത്ര ക്യാമ്പിലൂടെ കുട്ടികൾക്ക് പുതിയ ആശയം എങ്ങനെ രൂപീകരിക്കാം അതിലൂടെ YIP ,ഇൻസ്പെയർ അവാർഡ് തുടങ്ങി വ്യത്യസ്ത പരിപാടികളിൽ പങ്കെടുക്കാൻ സഹായിക്കുക. | Septembe r | Science club Teachers SRG PTA LK | pta |
| 4 | ഐസിടി സ്മാർട്ട് റൂം സൗകര്യങ്ങൾ ശാസ്ത്ര പഠനത്തിൽ സമർത്ഥമായി പ്രയോജനപ്പെടുത്തുക. ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.ശാസ്ത്രീയന്മാരുടെ കഥയും അനുഭവങ്ങളും ഉടയും വീഡിയോ പ്രദർശനം.<br>Phet തുടങ്ങിയ സിമുലേഷനുകൾ പരിചയപ്പെടുത്തുന്നു. | In all months<br>ഒക്ടോബർ | Science club Teachers SRG PTA LK | Teachers |
| 5 | ശാസ്ത്രത്തിൻറെ ഏതെങ്കിലും ശാസ്ത്ര അധ്യാപകരുടെ എക്സ്പെർട്ട് ക്ലാസിലൂടെ ക്വാണ്ടം ഫിസിക്സ് ആർട്ടിഫിഷൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളെ പരിചയപ്പെടുത്തുകയും അവ ഉപയോഗിക്കാൻ സഹായിക്കുകയും ചെയ്യുന്നു. | November | Science club Teachers SRG PTA LK | PTA |
| 6 | ഊര്ജ്ജക്ലബ്,ആരോഗ്യക്ലബ്,ശാസ്ത്രക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നു.ഊർ | December January | Science club Teachers | |

| | | | | |
|---|---|---|---|---|
| | ജ്ജപ്രതിസന്ധി,ജീവിതശൈലീരോഗങ്ങൾ ഇവ തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ ചെയ്യുന്നു. | | | |
| 7 | അടൽ ടിങ്കറിങ് ലാബോറട്ടറി പ്രയോജനപ്പെടുത്തി ഗവേഷണത്തിന് വഴിയൊരുക്കുന്നു.3 ഡി.പ്രോജക്ടർ ഉപയോഗിച്ച് നേരിട്ട് കാണാൻ സാധിക്കാത്ത ഫുള്ളറിൻ പോലെയുള്ളമൂലകങ്ങളും അവയുടെ ഐസോടോപ്പുകളും ത്രിമാനരൂപത്തിൽ കാണിക്കുന്നു.ഇലക്ട്രോണിക്സ്,റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് നിർമ്മാണം | February | Science club Teachers | |
| 8 | ശാസ്ത്രപാർക്കുകളിലേക്ക് ഫീൽഡ് ട്രിപ്പ്. | February | Science club Teachers SRG PTA | PTA |

# ഗണിതം

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | സംഖ്യകൾ തിരിച്ചറിയുന്ന സംഖ്യാ കാർഡ് നിർമ്മിക്കൽ.ഗണിത ശിൽപ്പശാല കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മഞ്ചാടി മുത്തുകൾ ഫ്ലാഷ് കാർഡ്.ഗണിതകിറ്റ് ഉറപ്പാക്കൽ,ഗണിത ക്ലബ്ബ് ഉദ്ഘാടനം പാസ്കൽ ദിനാചരണം ഗണിത പുസ്തക പ്രദർശനം. | ജൂൺ | Maths club, Teachers SRG PTA | |

| | | | | |
|---|---|---|---|---|
| 2 | ജൂലൈയിലെ ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു . രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ,സംഖ്യ കാർഡ് തയ്യാറാക്കുന്നു ഒറിഗാമി ശിൽപ്പശാല ഒറിഗാമി എന്ന ജാപ്പനീസ് കലയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ സവിശേഷത ലേണിങ് എയ്റ്റ്സിന്റെ സഹായത്താൽ ക്ലാസ് നടത്താൻ ചെറിയ ഗ്രൂപ്പിന്റെ സഹായത്താൽ അവ നിർമിക്കുന്നു  പ്രദർശനം സംഘടിപ്പിക്കൽ .ഗണിതമേളയുമായി ബന്ധപ്പെട്ട വർഷോപ്പ്<br>മാക്സ് ടാലന്റ് ടെസ്റ്റ്<br>വീക്കിലി മാക്സ് journal | ജൂലായ് | Maths club, Teachers SRG<br>PTA | |
| 3 | ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു കൂടുതൽ കുറവ് തിരിച്ചറിയുന്നു. പിന്നെ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.വിവിധപാറ്റേണുകൾ രൂപീകരിക്കൽ,പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്തൽ,ഗണിതക്കൂട്ടം ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി ഗണിത പാട്ടുകളിലൂടെയും കളികളിലൂടെയും പ്രഗൽഭരായ അധ്യാപകരുടെ സഹായത്താൽ ക്ലാസുകൾ കൈകാര്യം ചെയ്യൽ.ഗണിത രൂപങ്ങളുടെ പ്രദർശനം.ജാമിതീയ രൂപങ്ങൾ അവയുടെ പ്രത്യേകതകൾ ചതുഷ്കിയകൾ ഐടി സാധ്യത ഉപയോഗിച്ച് കുട്ടികളിൽ എളുപ്പത്തിൽ എത്തിക്കാൻ സാധിക്കുന്നു.ഗണിത ക്വിസ് മത്സരം<br>ദേശീയ പതാക നിർമ്മാണം<br>Teach a ടോപ്പിക്ക് മത്സരം. | ആഗസ്റ്റ് | Maths club, Teachers SRG<br>PTA | |
| 4 | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്താൻ ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | സെപ്തംബർ | Maths club, Teachers SRG<br>PTA | |

| | | | | |
|---|---|---|---|---|
| | എന്ന തിരിച്ചറിവ് സംഖ്യ ഗാനങ്ങൾ ആലപിക്കൽ.ക്ലാസിലൊരു കട ,ജാമിതീയ പൂക്കളം ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത രീതിയിലുള്ള പൂക്കളങ്ങൾ നിർമ്മിച്ച അവയുടെ പ്രദർശനം.സ്കൂൾ ഗണിതമേള<br>ജോജി ബ്രയിൽ പ്രത്യേക പരിശീലനം<br>സെപ്റ്റംബർ 5 അധ്യാപകദിനം കുട്ടി ടീച്ചർ മത്സരം. | | | |
| 5 | ഒറ്റ സംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ<br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ .സങ്കലന - വ്യവകലന ക്രിയകൾ ഉൾപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ,ഗണിതം മധുരം ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പിന്തുണ നൽകുന്ന വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. സബ്ജില്ലാ ഗണിതമേളയ്ക്ക് കുട്ടികളെ സജ്ജമാക്കുക. | ഒക്ടോബർ | | |
| 6 | സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>ഒരൊക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രക്രിയയിൽ.കളിനോട്ട് നിർമ്മാണം ക്രിയകൾ ചെയ്യൽ.നവംബർ 4 ശകുന്തളാദേവി<br>പൂജ്യത്തിന്റെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം സെമിനാർ.ഡിസംബർ 22 ദേശീയ ഗണിത ദിനം ആഘോഷം<br>ക്രിസ്മസും ഗണിതവും ചിത്രരചന. | നവംബർ | Maths club, Teachers SRG PTA | |
| 7 | സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ ഗണിത ആൽബം തയ്യാറാക്കൽ.സംഖ്യാവ്യാഖ്യാനം ,സ്ഥാനവില പ്രശ്നം പരിഹരിക്കൽ,പോസ്റ്റർ നിർമ്മാണം പ്രകൃതിയിലെ ഗണിതം | ഡിസംബർ | Maths club, Teachers SRG PTA | |
| 8 | ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനത്തിൽ ഏർപ്പെടുന്നു സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു വിലവിവരപ്പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.ഒന്നു മുതൽ 10 | ജനുവരി | Maths club, Teachers SRG PTA | |

| | | | | |
|---|---|---|---|---|
| | വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു. | | | |
| **10** | ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.ഗണിതാലാപനം,ഉല്ലാസഗണിതം വിലവിവരപ്പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഫെബ്രുവരി | Maths club, Teachers SRG PTA | |
| **11** | ഗണിത ആശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നുഉല്ലാസ ഗണിതം പ്രവർത്തനങ്ങൾസംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.പൈ ചരിത്രവും പ്രാധാന്യവും | മാർച്ച് | Maths club, Teachers SRG PTA | |

# ICT

1.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ഐസിടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക
2.വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക
3.പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക.
4.ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാക്കുന്ന അതോടൊപ്പം ദുരുപയോഗം നടക്കുന്ന ഉപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധിപ്പിക്കുക.
5.നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക അതുവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക.

| | | | |
|---|---|---|---|
| 1 | സ്കൂൾ അധ്യാപക പരിശീലനമേ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് | അധ്യാപകർ<br>L K UNIT<br>SRG | 1000 |

| | | | |
|---|---|---|---|
| | പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | | |
| 2 | ഐസിടി പഠനവിഭാഗങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.നിർമ്മാണങ്ങൾ സംഘടിപ്പിക്കുക ഇതുവഴി പഠനത്തിലൂപരിചരിച്ച സാങ്കേതിക വിദ്യകൾ പ്രായോഗികതലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അധ്യാപകർ<br>L K UNIT<br>SRG | 1000 |
| 3 | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിവരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു.ശില്പശാല സംഘടിപ്പിക്കുക,മേളക്ക് ഒരുക്കുന്നു. | അധ്യാപകർ<br>L K UNIT<br>SRG | 1000 |
| 4 | സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെനടത്തുന്നു.വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു.എൽകെ യൂണിറ്റിന്റെ സഹായത്തോടെ രക്ഷിതാക്കൾക്കായി ക്ലാസുകൾ നടത്തുന്നു. | അധ്യാപകർ<br>L K UNIT<br>SRG | 1000 |
| | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം.

മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശം :കുട്ടികളിൽ ആരാഗ്യ കായിക ക്ഷമത കൈവരിക്കുക.

അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

ഉപമേഖല :

1 കായിക മേഖല

2 ആരോഗ്യ മേഖല

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരീകവും സാമൂഹികവുമായ വികാസത്തിന് കായികാഭ്യാസവും, യോഗചര്യകളും ചെയ്യുന്നതിന് പാഠ്യ പദ്ധതി അവസരമൊരുക്കുന്നു. കായിക ക്ഷമതക്കു പുറമേ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ ,ശാരീരിക വളർച്ച ,കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് അതോ ടൊപ്പം താൽപര്യമുള്ള കായിക മേഖല തിരഞ്ഞെടുത്തു അവയിൽ മികവുകൾ നേടുന്നതിന് അവനേ തയ്യാറാക്കുന്നതിന് കായിക വിദ്യാഭ്യാസത്തിലൂന്ടെ സാധിക്കുന്നു.കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകാണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യ കായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരാഗ്യത്തിന് നേരിട്ട് ഗുണം ചെയുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപാലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു. ഇതിനു വേണ്ടി സ്കൂൾ തല കായിക വിദ്യാഭ്യാസം ഫലവത്താക്കേണ്ടതുണ്ട്.

സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.പ്രൈമറി ക്ലാസ്സുകളിൽ കായിക പരിശീലനതിനു അദ്ധ്യാപകൻ ഉണ്ടായാൽ മാത്രമേ ഹയർ ക്ലാസ്സുകളിൽ എത്തുന്ന കുട്ടികൾ മികച്ച ആരോഗ്യവും കായികക്ഷ്മതയും കാണിക്കുകയുള്ളൂ.

| ക്രമ. ന. | പദ്ധതി | ലക്ഷ്യം | പ്രവർ ത്തനം | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | സി |
| 1 | കുട്ടികൾക്ക് സ്വയം പ്രതികേരാധ പരിശീലനം. | സ്വയം പ്രതികേരാധ മകേനാഭാവം വളർത്തുക, | കരാന്റെട്ട, ലൈതകേക്കാകേണ്ടാ പരിശീലനം. | 1 വർഷം | പിടിഎ,കായികാധ്യാപക |
| 2 | എയ്റോറാബിക്സ് ,കേയാഗാ പരിശീലനം | കുട്ടികളിൽ ഏകാഗ്രത വർദ്ധിപ്പിക്കുക. | രക്ഷാകർതൃ കേബാധവൽ ക്കരണം, വിദ്യാർത്ഥികേബാധവൽ ക്കരണം ക്ലാസ്സ് പിടിഎയില | 1 വർഷം | ക്ലാസ്സ് ടീച്ചർ കായികാധ്യ ാപക |
| 3 | സമ്പൂർണ കായിക ക്ഷമത പരിശീലന പദ്ധതി | കായിക പഠനത്തിന് താൽ പര്യമുള്ള കുട്ടികന്റെള കന്റെണ്ട ത്താന | പഠനസമയത്തിനപ്പു റം സമ്പൂർണ്ണമായ കായിക പരിശീലനം | 1 വർഷം | വികസന സമിതി,sports council |
| 4 | കായികപഠനത്തിനാവശ്യമായ കളിക്കളങ്ങൾ നിർമ്മിക്കുക | കുട്ടികളിലെ കഴിവുകൾ കണ്ടെത്തി മുമ്പോട്ട് ഉള്ള ട്രെയിനിങ് കൊടുക്കാ | പദ്ധതി രൂപീകരണം | 1 വർഷം | സ്പോർട്സ് കൌൺസിൽ, പി ടി എ, സ്കൂൾ സമിതി |

| | | | | | |
|---|---|---|---|---|---|
| | | ൻ | | | |
| 5 | മൈനർ ഗെയിംസ് | കുട്ടികളെ മേജർ ഗെയിംസ് പങ്കെടുക്കാൻ തയ്യാറാക്കുക, മാനസിക ഉല്ലാസം നൽകുക | വിവിധ മൈനർ ഗെയിംസിലു ം കാലിസ്തെനിക് എക്സസിസ് നടത്തുന്നു | ജൂൺ, ജൂലൈ, ഓഗസ്റ്റ് | സ്പോർട്സ് ക്ലബ് |
| 6 | ത്രോബോൾ ഇൻട്രോടുസ് ചെയുക | സ്ഥലപരിമിതി അനുസരിച്ച് ചെയ്യാൻ പറ്റുന്നതും കൂടുതൽ കുട്ടികളെ എൻഗേജ് ചെയ്യിക്കാൻ പറ്റുന്നതുമായ ഗെയിം | പുതിയ ഗെയിംസ് പരിചയപ്പെടുത്തി കായിക പ്രവർത്തനത്തിൽ ഏർപ്പെടാൻ മോട്ടിവേഷൻ കൊടുക്കും | 1 വർഷം | കോച്ച് |